(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഐ.ഡി.കെ-12/1625/2016


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തീയതി:12.01.2017
Ph:04862-227332
e-mail:doidk.ksad@kerala.gov.in


സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

(സെക്രട്ടറി മുഖേന)

രാജാക്കാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- രാജാക്കാട് ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 1,2,3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-12/1625/2016

തീയതി:12.01.2017

## ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 24.6.2016 മുതൽ 25.11.2016 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.11.2016 മുതൽ 03.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ റ്റി.ഒ പോളി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ആർ സാമുവൽ രാജ് | സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. എബി എബ്രഹാം | സീ.ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കെ.ബി ബാബുരാജ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ബേബി ലാൽ | 1.4.15 മുതൽ 31.10.15 വരെ |
| | ശ്രീമതി. എം.എസ് സതി | 1.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീ. എ.ആർ. ബെന്നി | 1.4.15 മുതൽ 15.4.15 വരെ |
| | ശ്രീ. ബാബു സുരേഷ് എ.വി<br>(അസി. സെക്രട്ടറി, ഇൻ-ചാർജ്ജ്) | 16.4.15 മുതൽ 6.8.15 വരെ |
| | ശ്രീ. കെ.എൻ സഹജൻ | 7.8.15 മുതൽ 31.3.16 വരെ |
| അസ്സി. എഞ്ചിനിയർ | ശ്രീ. ഷിബു ബി | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. റിനോ ജോസഫ് | 1.4.15 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷാജി ഇ.കെ | 1.4.15 മുതൽ 31.3.16വരെ |
| വി.ഇ.ഒ | ശ്രീമതി. ജിൻസി തോമസ് | 1.4.15 മുതൽ 31.3.16വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഉഷ സ്റ്റീഫൻ | 1.4.15 മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ. ഗോപിനാഥൻ മോൻ | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. സിംല | 1.4.15 മുതൽ 13.7.15 വരെ |
| | ഡോ. നൗഷാദ് എം.എസ് | 14.7.15 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ജോയി ആൻഡ്രൂസ് | 1.4.15മുതൽ 31.3.16 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക സംബന്ധിച്ച അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | വസ്തു നികുതി – കുറഞ്ഞ നിരക്കിൽ ഈടാക്കി | 2-1 |
| 14 | ഗാർഹികാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. | 2-2 |
| | ഭാഗം 3 | |
| 15 | റോഡ് കോൺക്രീറ്റിംഗ്- അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല | 3-1 |
| 16 | തൊഴിലുറപ്പ് പദ്ധതി, നിർമ്മാണസാമഗ്രികളുടെ വിതരണം- വാറ്റ് കുറവ് ചെയ്തില്ല | 3-2 |
| 17 | ഹോംകോയിൽ നിന്നും ഇന്റന്റ് പ്രകാരം ആവശ്യപ്പെടുന്ന മരുന്നുകൾ ലഭ്യമാകുന്നില്ല | 3-3 |
| 18 | വഴിവിളക്ക് സ്ഥാപിക്കൽ- മെയിന്റനൻസ്-തുടർന്നുള്ള സേവനങ്ങൾ കെൽട്രോണിൽ നിന്നും ലഭ്യമാകുന്നില്ല. | 3-4 |
| 19 | തെരുവ് വിളക്കുകൾ സ്ഥാപനവും മെയിന്റനൻസും-പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-5 |
| | ഭാഗം 4 | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 02/03/2016. തിയതിയിലെ 1/10. തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/16 | 5/7/16 | ബാധകമല്ല | ബാധകമല്ല |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,40,91,384.00 |
| വരവ് | 5,62,82,679.00 |
| ആകെ | 7,03,74,063.00 |
| ചെലവ് | 6,10,86,916.00 |
| നീക്കിയിരിപ്പ് | 92,87,147.00 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1045262 | 7195052 | 8240314 | 8031314 | 97 % |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 543136 | 656534 | 1199670 | 816534 | 68 % |
| വികസനഫണ്ട് ടി.എസ്.പി. | 36000 | 72000 | 108000 | 72000 | 67 % |
| സംരക്ഷണഗ്രാന്റ് റോഡ് | 88113 | 6345158 | 6433271 | 6433271 | 100 % |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 169997 | 2099819 | 2269816 | 2269816 | 100 % |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1102780 | 5089232 | 6192012 | 2484 | 0.04 % |
| പെർഫോമൻസ് ഗ്രാന്റ് | 2335546 | 421835 | 2757381 | 2355546 | 17.1 % |
| എം.എൻ.ആർ.ഇ.ജി.എസ്. | 1583 | 1199069 | 1200652 | 1199033 | 99.9 % |
| ബി ഫണ്ട് | - | 17136910 | 17136910 | 17136910 | 100 % |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 47432089 | 129 | 33055564 | 1 | 7 | 94.2 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

130 - തെരുവുനായ നിയന്ത്രണം - ₹50000

134 - ഗ്രാമകേന്ദ്രം - ₹47884

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3165708 | 3200778 | 35070 | + 1 % |
| നികുതിയേതര വരവുകൾ | 827427 | 891995 | 64568 | + 7.2 % |
| മറ്റുവരവുകൾ | 45533155 | 52189906 | 6656751 | + 12.8 % |
| ആകെ | 49526290 | 56282679 | 6756389 | + 12 % |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17400 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 2474040 | 286 |
| വിധവാപെൻഷൻ | 4485320 | 403 |
| വാർദ്ധക്യകാലപെൻഷൻ | 8574540 | 792 |
| വികലാംഗപെൻഷൻ | 1396450 | 120 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾ | 181160 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1/12/2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,046/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഐ.എസ്.ഒ 9001-2008 സ്ഥാപനമായ ഗ്രാമ പഞ്ചായത്തിലെ രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് നിലവാരം പുലർത്തുന്നതാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസമില്ലാതെ നടപടി സ്വീകരിക്കുന്നതായി കാണുന്നു. എന്നാൽ ആസ്തി രജിസ്റ്റർ, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.1.2016 | 2016 ഒക്ടോബർ | 2016 ഓഗസ്റ്റ് വരെയുള്ള റിപ്പോർട്ട് ലഭിച്ചു. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.9.2007 | 1997-98 മുതൽ 2006-07 വരെ | 7.1.2008 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വാല്യുവേഷൻ നടത്തി ആസ്തി രജിസ്റ്ററിൽ ചേർത്ത് സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

2. വസ്തു നികുതി തൻവർഷ, കുടിശിക ഡിമാന്റ് തുകകളും ബാലൻസ് തുകകളും വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി - കുറഞ്ഞ നിരക്കിൽ ഈടാക്കി

2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപന പ്രകാരം 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ₹60/-നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ, 2015-16 ഒന്നാം അർദ്ധ വർഷത്തിൽ നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നിരക്കായ ₹ 35/-പ്രകാരമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| കെട്ടിട ഉടമ യുടെ പേര് | കെട്ടിട നം/തറ വിസ്തീർണ്ണം | ₹35നിരക്കിൽ നിർണ്ണയിച്ച നികുതി | വർദ്ധനവ്/ ഇളവ് ഉൾപ്പെടെ കണക്കാക്കിയ തുക (₹) | ₹60നിരക്കിൽ നിർണ്ണയിക്കേണ്ട നികുതി | വർദ്ധനവ്/ ഇളവ് ഉൾപ്പെടെ കണക്കാക്കേണ്ട തുക (₹) | കുറവ് ₹ |
|---|---|---|---|---|---|---|
| സുജ സെബാസ്റ്റ്യൻ, കുന്നംപുറത്ത് | X/212A 163.87ച.മീ | 5736 | 7457(30% വർദ്ധനവ്) | 9832 | 12782(30% വർദ്ധനവ്) | 5325 |
| സുജ സെബാസ്റ്റ്യൻ, കുന്നംപുറത്ത് | X/212B/ 163.87ച.മീ | 5736 | 7457(30% വർദ്ധനവ്) | 9832 | 12782(30% വർദ്ധനവ്) | 5325 |
| രാഹുൽ ദിവാകരൻ, വെട്ടുകല്ലുമ്മാക്കൽ | IV/338G/ 201.31ച.മീ | 7046 | 9160(30% വർദ്ധനവ്) | 12079 | 15702(30% വർദ്ധനവ്) | 6542 |

കൂടാതെ,വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പരുകൾ നൽകി ഓരോന്നിനും പ്രത്യേകം പ്രത്യേകം നികുതി നിർണ്ണയിച്ചത് മൂലവും നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയുംസർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ം ചട്ടം 1ം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ, പഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നൽകി ഒരു ച.മീറ്ററിന് ₹35/-നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായത് മൂലം വസ്തുനികുതി ഇനത്തിൽ നഷ്ടമുണ്ടായിട്ടുള്ളതായി കാണുന്നു.ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഉടമയുടെ പേര് | വാർഡ് നം | കെട്ടിടനം | ആകെ വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| ഷെറി എബ്രാഹം, കുന്നുകുഴിയിൽ | 5 | 165A-165H | 178 |
| കുര്യൻ,ഐക്കരക്കുന്നേൽ | 7 | 49A-49C | 263.8 |
| ഗീതാസുകുമാരൻ,വാഴാട്ട് | 7 | 423V-423Z2 | 252 |
| പ്രസിഡന്റ്, മരമട്ടിക്കാനം ജുമാമസ്ജിദ് | 7 | 418A-418E | 277.5 |
| പയസ് ടി.എസ്, തകിടിയിൽ | 7 | 270B-270C | 183.28 |
| സിനു പി.എം, പെരികിനാലിൽ | 7 | 291H-291P | 362.96 |
| സിജു പി.എം, പെരികിനാലിൽ | 10 | 208A-208D | 201.89 |

ഈ സാഹചര്യത്തിൽ,മേൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിയമ പ്രകാരമുള്ള നിരക്കിൽ പുനർനിർണ്ണയിച്ച് ഡിമാന്റിലുൾപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഗാർഹികാവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു-നികുതി നഷ്ടം

2015-16 വർഷം ഡി&ഒ ട്രേഡ് ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ ചിലത് Random selection നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ ഗാർഹികാവശ്യത്തിനെന്ന രീതിയിൽ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ഉപയോഗം |
|---|---|---|---|
| ബിജു കെ ജോസഫ്, കരിമ്പിൻകാലായിൽ | 10/341 | ജീ ബീ ഇൻഡസ്ട്രീസ് | കാലിത്തീറ്റ ഉല്പാദനം,വില്പന |
| ബേബിമാത്യു, കരോട്ടുകിഴക്കേൽ | 2/25 | ഈസ്റ്റ് ലാന്റ് ഇൻഡസ്ട്രീസ് | കാപ്പിപ്പൊടി,ഗ്രേപ്പ് സിറപ്പ്,അച്ചാർ ഉല്പാദനം |
| ബേബിമാത്യു, കരോട്ടുകിഴക്കേൽ | 2/26 | ഈസ്റ്റ് ലാന്റ് ഇൻഡസ്ട്രീസ് | ആയുർവേദ ഔഷധ നിർമ്മാണം |

സമർപ്പിക്കപ്പെട്ട 239 അപേക്ഷകളിൽ 29 എണ്ണം പരിശോധിച്ചപ്പോൾ തന്നെ അതിൽ 3 എണ്ണം ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങളാണ് എന്ന് കണ്ടെത്തിയതിനാൽ സമാനമായ രീതിയിൽ

കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തുന്നു. ആകയാൽ, ഡി&ഒ ട്രേഡ് ലൈസൻസ് അനുവദിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് ഉപയോഗക്രമം മാറ്റിയിട്ടുള്ള സംഗതികളിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് കോൺക്രീറ്റിംഗ് - അധിക നിരക്ക് നൽകിയത് അംഗീകരിക്കുന്നില്ല.

റോഡ് കോൺക്രീറ്റിംഗിന് വെയറിംഗ് കോട്ടായി ചെയ്യുന്ന 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിന് ഡാറ്റ DSR-2014 ഐറ്റം നമ്പർ 4.1.3 പ്രകാരം(CPWD Specification) ഇടുക്കി ജില്ലയിൽ നല്കാവുന്ന നിരക്ക് 7062/m3 (without CP). എന്നാൽ നല്കിയ നിരക്ക് ഫ്ലോർ കോൺക്രീറ്റിംഗ് വെയറിംഗ് കോട്ടിംഗിന്റെ ഡാറ്റ ഐറ്റം നമ്പർ 11.7 പ്രകാരമുള്ള ഫിനിഷിംഗ് പ്രവൃത്തി ഉൾപ്പെടെയുള്ള നിരക്കായ 7440.40/m3 ആണ് . ഒരു ഘനമീറ്ററിന് 378.40/- രൂപ അധികം നല്കിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കൺവീനർ/ കരാറുകാരൻ | അളവ് ബുക്ക് നം. | ബിൽ നം./തീ./തുക | അളവ് (എം3) | നിരക്ക്/എം3 | തുക | അധികം നല്കിയ തുക 378.40/എം3/ |
|---|---|---|---|---|---|---|---|---|
| 1 | S0017/16 കുരങ്ങുപാറ ഗൗരിപടി റോഡ് കോൺക്രീറ്റിംഗ് | ബിജു വി.ജി. | 290/15-16 | 51/15-16 / 19/3/16/ 3,00,000/- | 16.538 | 7440.40 | 1,23,049 | 6,258/- |
| 2 | S020/16, പൂച്ചപാറ കുരങ്ങുപാറ റോഡ് കോൺക്രീറ്റിംഗ് | പ്രവീൺ സായ് | 150/15-16 | 61/15-16/ 31.3.16/ 1,94,558/- | 11.025 | 7440.40 | 82,030/- | 4,172/- |
| 3 | S0026/16പുന്നസിറ്റി കനാട്ട്പടി റോഡ് കോൺക്രീറ്റിംഗ് | സി.കെ ഷാജി | 57/15-16 | 26/15-16/ 19/1/16/ 2,85,046/- | 15.75 | 7440.40 | 1,17,186/- | 5,960/- |
| ആകെ | | | | | | | | 16,390/- |

അധികം നൽകിയ തുക കൈപ്പറ്റിയവരിൽ നിന്നോ ഉത്തരവാദികളായ അസി.എൻജിനീയർ, അസി.എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായോ ഈടാക്കേണ്ടതാണ്.

## 3-2 തൊഴിലുറപ്പ പദ്ധതി , നിർമ്മാണസാമഗ്രികളുടെ വിതരണം- വാറ്റ് കുറവ് ചെയ്തില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം 18 പ്രവൃത്തികൾക്കായി ₹2357038/- ചെലവഴിച്ചിട്ടുണ്ട്. 2015-16-ൽ വിവിധ പ്രവൃത്തികൾക്ക് ആവശ്യമായ നിർമ്മാണ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി സെക്രട്ടറി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ ടെണ്ടർ സമർപ്പിച്ച ശ്രീ. ഷാബു വി കെ, വലിയകോട്ടുക്കൽ വീട്, ബൈസൺവാലി പി.ഒ എന്നയാളുടെ ടെണ്ടർ 18/8/15-ൽ പഞ്ചായത്ത് കമ്മറ്റിയുടെ 4ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ടിയാനുമായി കരാർ ചമച്ച് സെക്രട്ടറി സപ്ലൈ ഓർഡർ നല്കുകയും ചെയ്തു. സിമന്റ്, മെറ്റൽ, എം സാൻഡ്, എന്നിവ വിവിധ പ്രവൃത്തികൾക്ക് വാങ്ങി വിതരണം ചെയ്ത വകയിൽ ₹23,57,038/- - തൻവർഷം കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ട നികുതി വിഹിതം ഈടാക്കിയിട്ടില്ല.

2015-16ൽ ലഭിക്കേണ്ടിയിരുന്ന നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ക്വോട്ട് ചെയ്ത തുക/ യൂണിറ്റിന് | വിതരണം ചെയ്ത അളവ് | ചെലവായ തുക ₹ | ഈടാക്കേണ്ടിയിരുന്ന നികുതി ₹ | VAT % |
|---|---|---|---|---|---|---|
| 1 | സിമന്റ് | 430/ ബാഗ് | 905/ബാഗ് | 389150 | 56427 | (14.5%) |
| 2 | മെറ്റൽ 40എംഎം | 1927/എം3 | 119.29/എം3 | 229872 | 11494 | (5%) |
| 3 | മെറ്റൽ 20എംഎം | 1687/എം3 | 65.89/എം3 | 111156 | 5558 | (5%) |
| 4 | എം സാൻഡ് | 2187/എം3 | 93.212/എം3 | 203854 | 10193 | (5%) |
| ആകെ ഈടാക്കേണ്ടിയിരുന്ന നികുതി | | | | | ₹83,672 /- | |

കൂടാതെ 2014-15 പ്രൊക്വർമെന്റ് കമ്മിറ്റി കൂടാത്തതു കൊണ്ട് ആ വർഷം ടെണ്ടർ വിളിക്കുകയോ നിർമ്മാണ സാധനങ്ങൾ വാങ്ങുകയോ ചെയ്തില്ല. അതു കൊണ്ട് 2014-15 ലെ പ്രവൃത്തികളും 2015-16 ൽ ആണ് ചെയ്തത്.

ലഭിക്കേണ്ടിയിരുന്ന നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | ക്വോട്ട് ചെയ്ത തുക/ യൂണിറ്റിന് | വിതരണം ചെയ്ത അളവ് | ചെലവായ തുക ₹ | ഈടാക്കേണ്ടിയിരുന്ന നികുതി ₹ |
|---|---|---|---|---|---|
| 1 | സിമന്റ് | 413/ ബാഗ് | 1429/ബാഗ് | 590177 | 85576 |
| 2 | മെറ്റൽ 40എംഎം | 1675/എം3 | 187.39/ എം3 | 313878 | 15694 |
| 3 | മെറ്റൽ 20എംഎം | 1584/എം3 | 103.5/എം3 | 163944 | 8197 |
| 4 | എം സാൻഡ് | 2150/എം3 | 146.42/ എം3 | 314803 | 15740 |
| | | | ആകെ | | 125207 |

കൂടാതെ, 2015-16 ൽ പണിയായുധങ്ങളുടെ വാടക ഇനത്തിൽ 55,963/-രൂപയും നൽകിയിട്ടുണ്ട് . സാധനങ്ങളുടെ വിലയിനത്തിലും പണിയായുധങ്ങളുടെ വാടകയിനത്തിലുമായി ആകെ 23,72,797 (23,16,834+55,963) വിലയായിട്ടുണ്ട്. സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്ന് 2003-ലെ വാറ്റ് നിയമ പ്രകാരമുള്ള ബില്ലുകൾ

ഇല്ലാതെ കരാറുകാരൻ ആവശ്യപ്പെട്ട മുഴുവൻ തുകയും സെക്രട്ടറി അംഗീകരിച്ച് നല്കിയത് ചട്ടവിരുദ്ധമാണ്. വാറ്റ് ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കേണ്ട തുക നഷ്ടമാകുന്നതിന് ഈ നടപടി കാരണമായിട്ടുണ്ട്. മേൽ സൂചിപ്പിച്ച വിതരണത്തിൽ മാത്രം ആകെ കരാറുകാരന് നല്കിയ ₹23,57,038/-രൂപയിൽ(മേൽ കാണിച്ചിട്ടുള്ള പട്ടിക പ്രകാരം യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ടത് 23,72,797/- രൂപയാണ്) നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിലേക്ക് നൽകേണ്ട 2,08,879/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ഹോംകോയിൽ നിന്നും ഇന്റന്റ് പ്രകാരം ആവശ്യപ്പെടുന്ന മരുന്നുകൾ ലഭ്യമാകുന്നില്ല

2015-16 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 17.02.16ൽ എൻ.ആർ.എച്ച്.എം. ഹോമിയോ ആശുപത്രി മെഡിക്കൽ ഓഫീസർ നൽകിയ മരുന്നുകളുടെ ഇന്റന്റ് ഹോംകോയ്ക്ക് നൽകുകയും ബിൽ നം.38/15-16, തീ.12.02.16 പ്രകാരം ₹120000/- പിൻവലിച്ച് ഡി.ഡി. നം. 2534 തീ.12.02.16 പ്രകാരം നൽകുകയും ചെയ്തു. എന്നാൽ ഇന്റന്റ് പ്രകാരം ആശുപത്രിക്ക് ആവശ്യമായ മരുന്നുകളിൽ പലതും ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മരുന്നിന്റെ പേര്/വിവരം | ആവശ്യപ്പെട്ട മരുന്ന് | ലഭ്യമാക്കിയ വിവരം |
|---|---|---|---|
| 1 | EUCALYPTS - Q | 100ml x 30 | ഇല്ല |
| 2 | BLATTA - Q | 100ml x 10 | ഇല്ല |
| 3 | GRINDELIA - Q | 100ml x 30 | ഇല്ല |
| 4 | TEUCRIUM - Q | 100ml x 30 | ഇല്ല |
| 5 | PASSIFLORA - Q | 100ml x 20 | ഇല്ല |
| 6 | CARRICA-PAPAYA - Q | 100ml x 10 | ഇല്ല |
| 7 | Ocimum Sanet | 100ml x 20 | ഇല്ല |
| 8 | Coninm maC - 30 | 100ml x 2 | ഇല്ല |
| 9 | Sambuscus - Syrup | 100ml x 30 | ഇല്ല |
| 10 | Syzigivm Jamp | 100ml x 40 | 30mlx35 |

| | | | |
|---|---|---|---|
| 11 | Baptista - Q | 100ml x 30 | 100mlx15 |
| 12 | Mag-Phos | 100ml x 5 | 500gmx4 |
| 13 | Arnica Oil | 100ml x 250 | 30mlx245 |

ഇൻഡന്റ് പ്രകാരം ആവശ്യപ്പെടുന്ന മരുന്നുകൾ കാലതാമസംകൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വഴിവിളക്ക് സ്ഥാപിക്കൽ - മെയിന്റനൻസ്-തുടർന്നുള്ള സേവനങ്ങൾ കെൽട്രോണിൽ നിന്നും ലഭ്യമാകുന്നില്ല

| | | |
|---|---|---|
| പദ്ധതി | : | വഴിവിളക്ക് സ്ഥാപിക്കൽ - മെയിന്റനൻസ് |
| പദ്ധതി നം. | : | 0137/15-16 |
| അടങ്കൽ തുക | : | ₹2,00,000/- |

ചെലവ് വിവരം :

| | | |
|---|---|---|
| ബിൽ നം./തീയതി/തുക | : | 46/15-16/23.03.16, ₹1,00,000/-<br>ഡി.ഡി.നം./തീയതി : 178140/31.03.16<br>52/15-16/30.03.16, ₹86,750/-<br>ഡി.ഡി.നം./തീയതി : 1788073/30.03.16 |

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

തെരുവ് വിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനായി താഴെ പറയുംപ്രകാരം പദ്ധതി ആവിഷ്കരിച്ചിരുന്നു.

| ഇനം | എണ്ണം | തുക ₹ |
|---|---|---|
| ബൾബുകൾ | 81 - രൂ.400/- നിരക്കിൽ | 32400 |
| ഫിറ്റിംഗുകൾ | 91 - രൂ.1400/- നിരക്കിൽ | 127400 |
| മറ്റുള്ളവ | | 40200 |

| | | |
|---|---|---|
| | ആകെ | 200000 |

ഇവ സ്ഥാപിക്കുന്നതിനായി സർക്കാർ ഏജൻസിയായ കെൽട്രോണിനെ ചുമതലപ്പെടുത്തിയിരുന്നു (ഓർഡർ നം. എ2-459/146, തീ.08.03.2016). ഇതിൻപ്രകാരം 45 എണ്ണം എൽ.ഇ.ഡി. വിളക്കുകൾ ക്ലാമ്പ് സെറ്റ് സഹിതം കെൽട്രോൺ സ്ഥാപിക്കുകയായിരുന്നു (മാർച്ച് 2016-ൽ). എന്നാൽ കെൽട്രോണുമായി യാതൊരുവിധ കരാറും പഞ്ചായത്ത് അധികൃതർ ചമച്ചിട്ടില്ല. ഇതിനാൽ 3/2016ൽ സ്ഥാപിച്ച വിളക്കുകളിൽ 14 എണ്ണം നിലവിൽ പ്രവർത്തനരഹിതമായിട്ടും ആവശ്യമായ സേവനങ്ങൾ കെൽട്രോണിൽ നിന്നും ലഭിച്ചിട്ടില്ല. നിലവിൽ പഞ്ചായത്ത് വക ചെലവിലാണ് ബൾബുകൾ ഊരി മാറ്റി പഞ്ചായത്തിന്റെ പരിസരത്ത് സൂക്ഷിച്ചിട്ടുള്ളത്. കേടായ ബൾബുകൾ സ്വന്തം ചെലവിൽ എത്തിച്ച് നൽകിയാൽ മാത്രമേ കെൽട്രോൺ തുടർ നടപടികൾ സ്വീകരിക്കുകയുള്ളുവെന്ന് അറിയുന്നു. കേടായ വിലക്കുകൾ നന്നാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്കുകൾ സ്ഥാപനവും മെയിന്റനൻസും- പദ്ധതി നടത്തിപ്പിൽ അപാകതകൾ

| | | |
|---|---|---|
| പദ്ധതി നം. | : | 83/15-16 |
| പദ്ധതി | : | തെരുവ് വിളക്കുകൾ സ്ഥാപനവും മെയിന്റനൻസും |
| ചെക്ക് നം./തീയതി | : | 9368443/21.03.2015 |
| തുക | : | ₹ 3,68,000/- |
| അടങ്കൽ | : | ₹ 4,00,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി മേൽ പറഞ്ഞിരിക്കുന്ന ചെക്ക് നമ്പർ പ്രകാരം കാരിയേലിൽ ഇലക്ട്രിക്കൽസ്, രാജക്കാട് എന്ന സ്ഥാപനത്തിന് ₹3,68,000/- നൽകിയിരിക്കുന്നു.

അപാകതകൾ

2015-16 വർഷത്തിൽ കാരിയേലിൽ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം പഞ്ചായത്തിന്റെ പരിധിയിൽ പുതിയതായി 99 തെരുവ് വിളക്കുകൾ സ്ഥാപിച്ചുവെന്നും 121 പഴയ വിളക്കുകൾ അറ്റകുറ്റ പണികൾ നടത്തി മാറ്റി സ്ഥാപിച്ചുവെന്നും ഈ പ്രവൃത്തിയുടെ ആകെ മൂല്യം ₹4,00,000/- (പുതിയത് - നം.99) ₹2,00,000/- പഴയത് (നം.121) ₹2,00,000/- ആകെ ₹4,00,000/-) എന്നും അസി. എഞ്ചിനീയർ (ഇലക്ട്രിക്കൽ വിംഗ് രാജക്കാട്) സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

കാരിയേലിൽ ഇലക്ട്രിക്കൽസ്, രാജക്കാട് എന്ന സ്ഥാപനം പ്രവൃത്തി നടത്തിയതായി ബില്ല് നം. 54(തീ.28.04.2014), 63 (തീ. 02.05.14) പ്രകാരം കാണിച്ചിട്ടുള്ള വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബിൽ നം. 54 | ബിൽ നം. 63 |
|---|---|---|
| 11x2 Double Tube CFL set | 74 | 20 |
| 85watt cfl.set | 05 | - |
| 15 watt cfl light<br>20 watt cfl light | 205 | 446<br>10 |
| ബിൽ നം. 54 പ്രകാരം Settings charges<br>(180 x79)=₹14,220/-<br>ബിൽ നം. 63 പ്രകാരം Service charge ₹240/- നിരക്കിൽ<br>200 എണ്ണം = 240x200 =₹48,000/-<br>പുതിയ വിളക്കുകൾ 25 എണ്ണം | - | 10 |
| ആകെ സർവ്വീസ് നടത്തിയ വിളക്കുകൾ 304 | 284 | 476 |

1. എ.ഇ.-യുടെ റിപ്പോർട്ട് പ്രകാരം ആകെ 220 വിളക്കുകളാണ് (99 പുതിയ വിളക്കുകളും 121 പഴയ വിളക്കുകളും) പുതുതായി സ്ഥാപിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുള്ളത്. എന്നാൽ ബിൽ പ്രകാരം 304 വിളക്കുകൾക്കാണ് സർവീസ് ചാർജ്ജ് നൽകിയിട്ടുള്ളത്.
2. ആകെ ലഭ്യമാക്കിയ ബൾബുകളുടെ എണ്ണം 760 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ എ.ഇ.-യുടെ റിപ്പോർട്ട് പ്രകാരം 99 പുതിയ വിളക്കുകൾ പുതുതായി സ്ഥാപിക്കുകയും 121 പഴയ വിളക്കുകളുംഅറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്ത ഇനത്തിൽ ആകെ 220 വിളക്കുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. വാങ്ങിച്ച 760 ബൾബുകളിൽ ബാക്കി 540 ബൾബുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നില്ല. ഇക്കാര്യത്തിന് വിശദീകരണം ഹാജരാക്കേണ്ടതാണ്. വാങ്ങിച്ച സാമഗ്രികൾ സ്റ്റോക്കിൽ എടുക്കാതിരുന്നതും , സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാതിരിക്കുന്നതും ഗുരുതരമായ കൃത്യവിലോപമാണ്.
3. കരാറുകാരന് നൽകേണ്ട തുകയിൽ നിന്നും വാറ്റ്, ഐ.റ്റി. എന്നീ ഇനങ്ങളിൽ കുറവ് വരുത്തിയ ₹32,000/- (16,000+16,000) സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല. മേൽ അപാകതകളാൽ ₹3,68,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കോസ്റ്റ്ഫോർഡ് | ശ്മശാനം | | 20,00,000 | 20,00,000 | 0 |
| | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹54,553/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 2(5), 2(6) | 1670 | എൽബി പോൾ | 11505100729 |
| 2009-10 | 3-1 | 6864 | വിക്രമൻ പിള്ള | 11505100855 |
| 2012-13 | | 549 | ഇ.കെ തങ്കമണി | 11505100719 |
| 2012-13 | | 10000 | അനീഷ എ വി | 11505100760 |
| 2012-13 | | 32970 | ഷിബു .ബി | 11505500022 |
| 2012-13 | | 2500 | സെക്രട്ടറി ,സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 11505100899 |
| ആകെ | | 54553 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-1.33 | 2014 | 3-1.33 | വാർഷിക പദ്ധതിയും കൃഷിഭവനം | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,62,82,679/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,10,86,916 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16390 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,68,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 16,390 | ശ്രീ.ഷിബു ,അസിസ്റ്റൻ എഞ്ചിനിയർ-8195<br>ശ്രീ. ബിജു, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ-8195 |
| | | 16390 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-5 | 3,68,000 | ശ്രീ. ബാബു സുരേഷ് എ വി, അസി, സെക്രട്ടറി (ഇൻചാർജ്) |
| ആകെ | 3,68,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷിബു ബി,<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ,<br>രാജാക്കാട് ഗ്രാമ പഞ്ചായത്ത് | ടി സി.19/1541(1), അനുഗ്രഹ,<br>താമലം, പൂജപ്പുര പി ഒ,<br>തിരുവനന്തപുരം-695012 |
| ശ്രീ. ബിജു,<br>അസി.എക്സിക്യൂട്ടീവ്<br>എഞ്ചിനിയർ | അസി.എക്സിക്യൂട്ടീവ്എഞ്ചിനിയർ,<br>എൽ. എസ്.ജി.ഡി<br>ഈരാറ്റുപേട്ട ഡിവിഷൻ, കോട്ടയം | ലഭ്യമല്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1965-66 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1966-67 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1967-68 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1968-69 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1969-70 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1970-71 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1972-73 | എൽ. എഫ്. ഐ-5-601/91/30.7.1981 | |

| | | |
|---|---|---|
| 1973-74 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1975-76 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1976-77 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1978-79 | എൽ. എഫ്. ഐ-5-601/91/30.7.1981 | |
| 1979-80 | എൽ. എഫ്. ഐ-5-272/82/26.6.1982 | |
| 1980-81 | എൽ. എഫ്. ഐ-5-1233/83/30.10.1983 | |
| 1981-82 | എൽ. എഫ്. ഐ-5-163/89/31.7.1989 | |
| 1982-83 | എൽ. എഫ്. ഐ-5-1036/85/5.7.1986 | |
| 1983-84 | എൽ. എഫ്. ഐ-5-968/87/12.5.1987 | |
| 1984-85 | എൽ. എഫ്. ഐ-5-914/87/21.8.1988 | |
| 1985-86 | എൽ. എഫ്. ഐ-5-612/89/21.10.1989 | |
| 1986-87 | എൽ. എഫ്. ഐ-5-616/91/2.8.1992 | |
| 1987-88 | എൽ. എഫ്. ഐ-5-612/92/6.1.1995 | |
| 1988-89 & 89-90 | എൽ. എഫ്. ഐ-5-399/94/14.11.1994 | |
| 1990-91 & 91-92 | എൽ. എഫ്. ഐ-5-589/94/15.11.1995 | |
| 1992-93 & 93-94 | എൽ. എഫ്. ഐ-5-56/95/28.3.1995 | |
| 1994-95 | എൽ. എഫ്. ഐ-5-401/96/15.10.1996 | |
| 1995-96 | എൽ. എഫ്. ഐ-5-578/97/6.2.1998 | |
| 1996-97 & 97-98 | എൽ. എഫ്. ഐ-8-714/99/30.3.2000 | |

| | | |
|---|---|---|
| 1998-99 | എൽ. എഫ്. ഐ-8-358/01/30.7.2001 | |
| 1999-00 | എൽ. എഫ്. ഐ-8-578/01/29.6.2002 | |
| 2000-01 | എൽ. എഫ്. ഐ-8-12/2002 | |
| 2001-02 | എൽ. എഫ്. ഐ-8-269/05/14.06.2005 | |
| 2002-03 | എൽ. എഫ്. ഐ-10-991/08/14.11.2008 | |
| 2003-04 | എൽ. എഫ്. ഐ-10-230/07/17.7.2007 | |
| 2004-05 | എൽ. എഫ്. ഐ-10-909/09/11.11.2009 | |
| 2005-06 | എൽ. എഫ്. ഐ-10-1115/10/6.1.2011 | |
| 2006-07 | എൽ. എഫ്. ഐ-10-361/09/10.11.2009 | |
| 2007-08 | എൽ. എഫ്. ഐ-12-10/12/9.5.2012 | |
| 2008-09 | എൽ. എഫ്. ഐ-12-153/11/27.10.2011 | |
| 2009-10 | എൽ. എഫ്. ഐ-12-152/12/31.3.2012 | |
| 2010-11 & 11-12 | എൽ. എഫ്. ഐ-12-25/2012/22.10.2013 | |
| 2012-13 | എൽ.എഫ്.ഐ-12/1221/14/10.12.14/06.04.15 | |
| 2013-14 | കെ.എസ്.എ/ഐ.ഡി.കെ-12/915/15/11.9.15 | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-12/320/16/06.05.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഐ.ഡി.കെ-12/1625/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി
തിയതി:12.01.2017
Ph:04862-227 332
e-mail:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-2016 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-2016 ലെ വാർഷിക ധനകാര്യ പത്രിക , വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# AUDIT CERTIFICATE

No.KSA-IDK-12/1625/2016

Kerala State Audit Department
District Audit Office, Idukki
Dated:12.01.2017
Ph:04862-227 332
e-mail:doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Rajakkadu Grama Panchayat in Idukki district for the year ended on 31.3.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts Panchayat Raj Institutions.

In my opinion, the Financial Statements of Rajakkadu Grama Panchayat for the 2015-2016 except the observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR
IDUKKI.